## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .6657 — 09.07.2014 ൽ മറുപടിക്ക്

### ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ | ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ് നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) പതിനേഴാമത് ദേശീയ ഇ-ഗവേണൻസ് കോൺഫറൻസിന് ആതിഥ്യം വഹിച്ചത് കേരള സംസ്ഥാനമാണ്. ഇ-ഗവേണൻസ് രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രധാന വിഭാഗങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് 2014 ജനുവരി 30,31 തീയതികളിൽ കൊച്ചിയിൽ വെച്ചാണ് കേന്ദ്ര സംസ്ഥാന സർക്കാറുകൾ സംയുക്തമായി ഈ സമ്മേളനം നടത്തിയത്. ദേശീയ തലത്തിൽ ഇ-ഗവേണൻസ് മേഖലയിലുള്ള വിവിധ വിഭാഗങ്ങൾക്കായുള്ള ഇ-ഗവേണൻസ് ദേശീയ പുരസ്കാരം ഈ സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്യുകയുണ്ടായി. |
| (ബി) എന്തെല്ലാം വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) ദേശീയ ഇ-ഗവേണൻസ് സമ്മേളനത്തിൽ ചർച്ച ചെയ്ത പ്രധാനപെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. e-Governance vision to Implementation:-**<br>ഇ-ഗവേണൻസ് പദ്ധതിയുടെ ഉത്ഭവം മുതൽ അവ നടപ്പിലാക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ നേരിടുന്ന പ്രതിബന്ധങ്ങളും എങ്ങനെ അവയെ തരണം ചെയ്യണം എന്നുമാണ് ഈ വിഷയത്തിൽ പ്രധാനമായി പ്രതിപാദിച്ചത് .<br>**2. Best Practice in e-Governance**<br>ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളെപ്പറ്റിയും അവയുടെ |

നേട്ടങ്ങളെപ്പറ്റിയും വിശദീകരിച്ചു.

**3. Leveraging Emerging Technologies**

ഇ-ഗവേണൻസ് പുത്തൻ തലങ്ങളിലേക്ക് വ്യാപരിക്കുന്നതിന് സഹായകരമാകുന്ന പുതിയ സാങ്കേതിക വിദ്യകളെപ്പറ്റിയാണ് ഈ വിഭാഗത്തിൽ ചർച്ച നടന്നത്. Social Media , Cloud Computing, Geographic Information System (GIS), തുടങ്ങിയ വിഷയങ്ങൾ പ്രത്യേകം പ്രതിപാദിക്കപ്പെട്ടു.

**4. Multiple Channels of e-Service Delivery**

വിവര സാങ്കേതിക വിദ്യയുടെ ആവിർഭാവത്തോടെ അക്ഷയ കേന്ദ്രങ്ങൾ, മൊബൈൽ ഫോൺ, കാൾ സെന്റർ , ഇന്റർനെറ്റ് തുടങ്ങിയ പല സംവിധാനങ്ങൾ വഴി സർക്കാർ സർവിസുകൾ, ജനങ്ങൾക്ക് ലഭ്യമാകുന്നതിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെട്ടു.

**5. Empowering Citizen**

സർക്കാർ സർവീസുകളുടെ നടപടിക്രമങ്ങൾ പൊതുജന കേന്ദ്രീകൃതമാകുന്നതിന്റെ ആവശ്യകതയാണ് ഇവിടെ ചർച്ച ചെയ്ത വിഷയം. വിവിധ സേവനങ്ങൾ, അവയെ പ്പറ്റിയുള്ള വിവരങ്ങളും അവ ലളിതമായും സുതാര്യമായും വേഗത്തിൽ എങ്ങനെ ജനങ്ങളിലേക്ക് ഇ-ഗവേണൻസ് മുഖേന നടപ്പിൽ വരുത്താം എന്നതിനെപ്പറ്റിയായിരുന്നു പ്രധാന ചർച്ച

**6. Frame work for replication- challenges in productisation of application**

വിവിധ സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ-ഗവേണൻസ് പദ്ധതികൾ അധിക സാമ്പത്തിക ബാധ്യതയില്ലാതെ മറ്റു സംസ്ഥാനങ്ങളിൽ എങ്ങനെ അനുകരണിയമാക്കാം എന്ന വിഷയം സമ്മേളനത്തിൽ അവതരിപ്പിച്ചു.

**7. Healthcare for all, role of IT in transforming health**

ആരോഗ്യം-എല്ലാവർക്കും, ഇതാണ് പതിനേഴാമത് ഇ-

ഗവേണൻസ് സമ്മേളനത്തിന്റെ മുഖ്യ സന്ദേശം . കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ-ഹെൽത്ത് പ്രോജക്ടിനെ കുറിച്ചുള്ള ഒരു ആമുഖ ചർച്ച നടത്തി. ആരോഗ്യ പരിപാലന രംഗത്ത് വിവരസാങ്കേതിക വിദ്യ കൊണ്ടു വന്ന ഗുണപരമായ മാറ്റങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

**8. Business Process re-engineering**

നിലവിലുള്ള സർക്കാർ സംവിധാനം, ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന വിധത്തിൽ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ചർച്ച നടത്തി

**9. Human capital e-Governance.**

ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി ആവശ്യമായ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ എങ്ങനെ ഈ പ്രക്രിയയിൽ ഉപയോഗപ്പെടുത്താം എന്നതും ചർച്ച ചെയ്യുകയുണ്ടായി.

| | |
|---|---|
| (സി) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതിയിലെ അവസരങ്ങളെക്കുറിച്ചും പുതിയ വെല്ലുവിളികളെക്കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടതെന്ന് വിശദമാക്കുമോ ;<br>(ഡി) ഇതിൻമേൽ എന്തെല്ലാം തുടർനടപടികളാണ് എടുക്കാനുദ്ദേശി ക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (സി) & (ഡി) സംസ്ഥാനത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് (1. അക്ഷയ , 2. ഇ-ഡിസ്ട്രിക്ട്, 3.ഇ-പ്രൊക്യൂർമെന്റ്, 4.ഇ-ഓഫീസ്, 5.ക്ലൌഡ്-കമ്പ്യൂട്ടിംഗ്, 6.മൊബൈൽ ഗവേണൻസ്, 7.ഹൈസ്പീഡ് നെറ്റ് വർക്ക്, 8. ഇ-ഹെൽത്ത് ) സമ്മേളനത്തിൽ കേരള സർക്കാരിന്റെ പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. കോൺഫറൻസിലൂടെ ഉരുത്തിരിഞ്ഞു വന്ന വിവധ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ